റെയിൽവേ വികസനത്തിൽ സംസ്ഥാന പങ്കാളിത്തം

11 (*41) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സാജു പോൾ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ വികസനത്തിൽ സംസ്ഥാനം കൂടി പങ്കാളിത്തം വഹിക്കണമെന്ന കേന്ദ്രത്തിന്റെ നിർദ്ദേശത്തോട് സംസ്ഥാനത്തിന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനം സ്വീകരിച്ച നിലപാടിന്റെ ഭാഗമായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സഹകരണത്തോടെ നടപ്പാക്കാനുദ്ദേശിച്ച റെയിൽവേ വികസന പദ്ധതികൾ ഏതൊക്കെയായിരുന്നു ;

(ഡി) കൊച്ചുവേളിയിലെ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രം, പ്രമുഖ സ്റ്റേഷനുകളുടെ വികസനം, ശബരി റെയിൽപ്പാത നിർമ്മാണം എന്നിവയ്ക്ക് 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടുണ്ടോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ&ബി) അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50%ഉം കമ്പളം-ഇറവൂർ, എറണാകുളം-കമ്പളം എന്നീ സൂച്ചകളിലെ പാതഇരട്ടിപ്പിക്കലിനുള്ള ഭൂമി പൂർണ്ണമായും സൗജന്യമായി ഏറ്റെടുത്ത് റെയിൽവേക്ക് നൽകുന്നതോടൊപ്പം ആയതിന്റെ നിർമ്മാണ ചെലവിന്റെ 50%ഉം കൂടി സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ബോർഡ് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന സർക്കാരിന്റെ പ്രത്യേക സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

പരിതസ്ഥിതി പരിഗണിച്ച് പദ്ധതി ചെലവുകളുടെ 50% വഹിക്കാനോ ഭൂമി പൂർണ്ണമായും സൗജന്യമായി ഏറ്റെടുത്ത് നൽകുവാനോ കഴിയുകയില്ലായെന്ന് കേന്ദ്ര സർക്കാരിനേയും റെയിൽവേ ബോർഡിനേയും അറിയിച്ചിട്ടുണ്ട്.

കമ്പളം-ഇറവൂർ, എറണാകുളം-കമ്പളം പാതകൾ ഇരട്ടിപ്പിക്കലോ അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ കാലടിക്കുശേഷമുള്ളതുമായ ഭൂമി ഏറ്റെടുക്കലോ നിർമ്മാണ പ്രവൃത്തികളോ റെയിൽവേ ബോർഡിന്റെ മേൽ നയം കാരണം തുടരാൻ കഴിഞ്ഞിട്ടില്ല.

(സി&ഡി) 2013-14-ൽ കൊച്ചുവേളിയിൽ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് സെന്റർ സംസ്ഥാനത്തിന്റെ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ 5 കോടി രൂപയും എറണാകുളം ടൗൺ, തൃശ്ശൂർ, കൊല്ലം, കോഴിക്കോട്, കോട്ടയം റെയിൽവേ സ്റ്റേഷനുകളിലെ സൗകര്യ വികസനങ്ങൾക്കായി 10 കോടി രൂപയും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. അതിൽ ടി റെയിൽവേ സ്റ്റേഷനുകളിലെ വികസന പ്രവൃത്തികൾക്കായി റെയിൽവേ സമർപ്പിച്ച എസ്റ്റിമേറ്റിനനുസരിച്ച് റെയിൽവേക്ക് 9,97,12,367, (ഒൻപത് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി മൂന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) സംസ്ഥാന സർക്കാർ നൽകുകയും ചെയ്തിട്ടുണ്ട്. റെയിൽവേ താമസംവിനാ പണികൾ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ശബരി റെയിൽവേക്കായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖല

12 (*42) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖല എപ്രകാരമാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത രംഗത്ത് എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly